# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.731

28.02.2018 ലെ മറുപടി

## ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ നിയമ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ഇ.കെ.വിജയൻ | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ നിലവിലുള്ള നിയമ നടപടികൾ വിശദമാക്കാമോ ; | (എ) യും (ബി) യും ജലാശയങ്ങൾ മലിനമാക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിലവിൽ വിവിധ നിയമങ്ങൾ നിലവിലുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ (i) ജലം (മലിനീകരണം തടയലും നിയന്ത്രണവും) ആക്ട്-2004 (ii) കേരള പഞ്ചായത്തീരാജ് ആക്ട്, 1994/കേരള നഗരപാലിക ആക്ട്, 1994 (iii) കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്-2003, എന്നിവയാണ്. ജലമലിനീകരണത്തിന് ഉത്തരവാദികളായവർക്കെതിരെ കടുത്ത ശിക്ഷാ നടപടി കൈക്കൊള്ളുന്നതിന്റെ ഭാഗമായി കേരള ജലസേചനവും ജലസംരക്ഷണവും ആക്ട് - 2003 ഭേദഗതി ചെയ്ത് സെക്ഷൻ 37, ഉപസെക്ഷൻ (4) ആയി മാലിന്യം നിക്ഷേപിക്കുന്നത് കുറ്റകരമാക്കിക്കൊണ്ട് ഓർഡിനൻസ് സംസ്ഥാന ഗവർണർ അംഗീകരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. രണ്ട് ലക്ഷം രൂപ വരെ പിഴയോ, മൂന്നു വർഷം വരെ തടവോ രണ്ടുംകൂടി ഒന്നിച്ചോ ശിക്ഷ വിധിക്കുന്നതിന് ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തിയാണ് നിയമ |
| (ബി) ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ കൂടുതൽ ശിക്ഷ നൽകുന്നതിനുള്ള നിയമനിർമ്മാണം നടത്താൻ ആലോചനയിൽ ഉണ്ടോ? | |

ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974 പ്രകാരം ജല സ്രോതസ്സുകളിലേക്ക്

പാഴ്ജലം ഒഴുക്കുന്നതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത നിയമത്തിന്റെ പരിധിയിൽ വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ, റിസോർട്ടുകൾ, ഉത്തുംഗ കെട്ടിടങ്ങൾ തുടങ്ങിയവയിൽ നിന്നുമുള്ള പാഴ്ജലം വേണ്ടവിധം ശുദ്ധി ചെയ്ത് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ജല നിയമ പ്രകാരം നൽകുന്ന അനുമതിയിൽ നിഷ്കർഷിച്ചു വരുന്നു. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**